A

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

512

# വാർഷിക മൂല്യനിർണയം 2015-2016

## മലയാളം

## അടിസ്ഥാനപാഠാവലി

സമയം: 2 മണിക്കൂർ

ക്ലാസ്സ് V

**നിർദ്ദേശങ്ങൾ:**

1. മൂല്യനിർണയ പ്രവർത്തനത്തിനു മുമ്പ് 15 മിനിട്ട് സമാശ്വാസസമയം ആണ്. ഈ സമയത്ത് ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കണം.
2. എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

**പ്രവർത്തനം -1**

(എ). സിംലയിൽനിന്ന് ബാലചന്ദ്രന്റെ കത്ത് വല്യമ്മക്ക് കിട്ടി. ഇലവുമരത്തിന്റെ ഫോട്ടോ അയച്ചുതരണം -ഇതായിരുന്നു കത്തിലെ ഉള്ളടക്കം.ഈ സന്ദർഭത്തിൽ വല്യമ്മയും വല്യച്ഛനും തമ്മിൽ നടത്താനിടയുള്ള സംഭാഷണത്തിന്റെ തുടക്കമാണ് ചുവടെകൊടുത്തിരിക്കുന്നത്. യോജിച്ച രീതിയിൽ സംഭാഷണം പൂർത്തിയാക്കുക..

വല്യമ്മ : " ഹാ, കേട്ടോ ! ഒരു ഫോട്ടോ ഗ്രാഫറെ വിളിച്ചു കൊണ്ടു വരണം. ഇപ്പോൾ തന്നെ വേണം.".
വല്യച്ഛൻ : എന്തിനാ ഫോട്ടോഗ്രാഫർ ?
വല്യമ്മ : ..................................................
വല്യച്ഛൻ : ..................................................
വല്യമ്മ : ..................................................
..................................................
..................................................

(ബി) മുകളിൽ കൊടുത്തിട്ടുള്ളത് 'വൃക്ഷത്തെ സ്നേഹിച്ച ബാലൻ' എന്ന കഥയിലെ ഒരു സന്ദർഭമാണ്. ഈ കഥ രചിച്ചതാര്? (എം.ടി , ഉറൂബ്, ടാഗോർ, മാധവിക്കുട്ടി)

**പ്രവർത്തനം -2**

| ഒരു ജാതി,ഒരു മതം,<br>ഒരു ദൈവം മനുഷ്യന് | അവനവനാത്മ സുഖത്തിനാചരിക്കുന്നവ -<br>യപരന്നു സുഖത്തിനായ് വരേണം |
|---|---|

(എ) നിങ്ങൾ പരിചയപ്പെട്ടവയാണല്ലോ ഈ മഹദ്വചനങ്ങൾ. ശ്രീനാരായണ ഗുരുവിന്റെ മറ്റൊരുപദേശമാണ്
" മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി" എന്നത്.
ഈ ഉപദേശത്തെ വിശദീകരിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

(ബി) 'തേജസ്സ്' എന്ന പദത്തിന്റെ അർത്ഥമെന്ത്?
(ബുദ്ധി, ശക്തി, ശോഭ,സ്നേഹം)

## പ്രവർത്തനം-3

(എ) 'മഴവില്ല് വരയ്ക്കുന്നവർ' എന്ന കഥ പരിചയപ്പെട്ടല്ലോ. ആ കഥയെക്കുറിച്ച് സ്കൂൾ മാഗസിനിലേയ്ക്ക് ഒരു വിശകലനക്കുറിപ്പ് തയ്യാറാക്കുകയാണ് ഗോപു.

കഥ നൽകുന്ന സ്നേഹത്തിന്റെ മഹത്വം , ഒന്നിച്ചു നിൽക്കുമ്പോഴുള്ള കരുത്ത്, എല്ലാ നിറങ്ങളും ഭംഗിയുള്ളതാണ്, വ്യത്യസ്തർ ഒന്നിച്ചു നിൽക്കുമ്പോഴുള്ള ഭംഗി തുടങ്ങിയ സന്ദേശങ്ങളെല്ലാം ഗോപുവിന്റെ മനസ്സിലൂടെ കടന്നു പോയി.

എങ്കിൽ ഗോപു തയ്യാറാക്കുന്ന **വിശകലനക്കുറിപ്പ്** എപ്രകാരമായിരിക്കും ? തയ്യാറാക്കുക.

(ബി)പദങ്ങളോട് വിശേഷണം ചേരുമ്പോഴുള്ള അർത്ഥഭംഗി മനസ്സിലാക്കിയിട്ടുണ്ടല്ലോ.

ഉദാ: പൂവ് - വെളുത്ത പൂവ്.

ഇതുപോലെ 'രാത്രി' എന്ന പദത്തിന് യോജിച്ച വിശേഷണം ചേർത്ത് എഴുതുക.

## പ്രവർത്തനം-4

(എ) നിങ്ങളുടെ വിദ്യാലയത്തിൽ,സാഹിത്യോത്സവത്തിൽ പങ്കെടുക്കാൻ 'ജ്ഞാനപീഠ ജേതാവ്' എം.ടി വാസുദേവൻ നായർ എത്തുന്നു. സിനിമ, സാഹിത്യം എന്നീ മേഖലകളിൽ നിറഞ്ഞു നിൽക്കുന്ന വ്യക്തിയാണ് അദ്ദേഹം. അദ്ദേഹവുമായുള്ള അഭിമുഖം നടത്തുന്നതിന് പ്രസക്തമായ ഏതാനും **ചോദ്യങ്ങൾ** തയ്യാറാക്കുക. (കുറഞ്ഞത് അഞ്ചെണ്ണം)

എം.ടി യുടെ വിദ്യാഭ്യാസം,
കുട്ടിക്കാലം,
അദ്ദേഹം ഇടപെട്ടിട്ടുള്ള സാഹിത്യ,
സിനിമാ മേഖലകൾ
എന്നിവയൊക്കെ പരിഗണിക്കുമല്ലോ.

## പ്രവർത്തനം-5

'എങ്ങു പോയി? 'എന്ന കവിതയിൽ പ്രകൃതി നൽകുന്ന സൗഭാഗ്യങ്ങളും തിരികെ മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന ക്രൂരതകളുമാണല്ലോ പരാമർശിക്കുന്നത്. വൃക്ഷങ്ങളൊക്കെ മുറിച്ചു നീക്കുന്നു, മലകളൊക്കെ ഇടിച്ചു നിരത്തുന്നു, വമ്പൻ പാറക്കെട്ടുകളൊക്കെ അടിച്ചു തകർക്കുന്നു. അങ്ങനെ പോകുന്നു മനുഷ്യന്റെ പ്രവൃത്തികൾ.

(എ 'മനുഷ്യന്റെ ക്രൂരതയാൽ മനോഹാരിത നഷ്ടമാകുന്നഭൂമി'യെകുറിച്ച് ഒരു ലഘു **ഉപന്യാസം** തയ്യാറാക്കുക.

(ബി) ഭംഗിക്ക് കാന്തി, അഴക് എന്നീ പദങ്ങൾ പകരമായി ഉപയോഗിക്കാമല്ലോ. എങ്കിൽ തേനിന് പകരമായി ഉപയോഗിക്കാവുന്ന ഒരു പദം എഴുതുക.